നമ്പർ: WCD/E8/21579/2021

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 28/01/2022
Email. wcdestablishment2017@gmail.com
ഫോൺ നം.0471-2346534

..

## പരിപത്രം

വിഷയം:വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികകളിലേക്ക് സൂപ്രണ്ട് ഗ്രേഡ് II തസ്തികകളിൽ നിന്നുമുള്ള ഉദ്യോഗക്കയറ്റം - CR ക്ഷണിച്ചത് - റിപ്പോർട്ടിങ് ഓഫീസറെ മാറ്റി നിശ്ചയിക്കുന്നത് സംബന്ധിച്ച്.

സൂചന:ഈ കാര്യാലയത്തിലെ 17/01/2022 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

വനിതാ ശിശുവികസന വകുപ്പിലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികകളിൽ 2022 കലണ്ടർ വർഷം പ്രതീക്ഷിക്കാവുന്ന ഒഴിവുകളിൽ സൂപ്രണ്ട് ഗ്രേഡ് II / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികകളിലെ ജീവനക്കാർക്കായി മാറ്റിവെക്കപ്പെട്ട ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി 2019, 2020, 2021 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും സെൽഫ് അസ്സസ്മെന്റും സമർപ്പിക്കുന്നതിന് സൂചന പ്രകാരം മാർഗ്ഗ നിർദ്ദേശവും സമയക്രമവും പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത പരിപത്രത്തിൽ ഖണ്ഡിക (6) ൽ സൂപ്രണ്ട് ഗ്രേഡ് II / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാർ സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെ റിപ്പോർട്ടിങ് ഓഫീസറായി ജില്ലാ വുമൺ പ്രൊട്ടക്ഷൻ ഓഫീസറെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ കൂടുതൽ സ്ഥാപനങ്ങളും കുട്ടികളുമായി ബന്ധപ്പെട്ടവയായതിനാൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാർ സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെ റിപ്പോർട്ടിംഗ് ഓഫീസറായി അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരെ പുനർ നിശ്ചയിച്ച് കൊണ്ട് സൂചന പരിപത്രത്തിൽ ഭേദഗതി വരുത്തുന്നു. പ്രസ്തുത ഭേദഗതിയോടെ സൂചന പരിപത്രത്തിലെ മറ്റ് നിർദേശങ്ങളും നിബന്ധനകളും നിലനിൽക്കുന്നതാണ്.

ബന്ധപ്പെട്ട ജീവനക്കാർക്ക്
എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും

വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി

### പകർപ്പ്

1(സൂപ്രണ്ട്,ഐ.റ്റി.സെൽ(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
2) എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
3)എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
4)സ്റ്റോക്ക് ഫയൽ/ സ്പെയർ